(ഇ) ഈ പദ്ധതി 3 ഘട്ടങ്ങളിലായി 6 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ ഗെയിംസിനുള്ള മുന്നൊരുക്കം

25 (*85) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഏതെല്ലാം സ്റ്റേഡിയങ്ങൾ നവീകരിച്ചിട്ടുണ്ട് ;

(സി) എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത് ;

(ഡി) ഇതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) സ്റ്റേഡിയങ്ങളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്തു പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റ് ആറ് പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ്. ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പുതിയ നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗെയിംസ് വില്ലേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പുതുക്കിയ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഗ്രീൻഫീൽഡ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആനുവിറ്റി അടിസ്ഥാനത്തിലാണ് (തുല്യ വാർഷിക ഗഡുക്കളായി) നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ മുഖേന 8 കമ്പനികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽനിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഗെയിംസ് നടത്തിപ്പിനായി താഴെ പറയുന്ന സ്റ്റേഡിയങ്ങളാണ് നവീകരിക്കുന്നത് :

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്, തിരുവനന്തപുരം
5. ശംഖുംമുഖം ഇൻഡോർ ഹാൾ, (ഐ.ആർ.സി) തിരുവനന്തപുരം6. വാട്ടർ അതോറിറ്റി, നീന്തൽക്കുളം, തിരുവനന്തപുരം
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം
8. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ
10. വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
11. വി.കെ.എൻ. മേനോൻ, ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം
14. വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം

(സി) 35-ാമത് ദേശീയ ഗെയിംസിന് സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും നടത്തിപ്പിനുമായി 446.16 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) 220 കോടി രൂപ കേന്ദ്രസഹായമായി ലഭ്യമാക്കുന്നതിനു കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 110 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആദ്യ ഗഡുവായി 55 കോടി രൂപ സർക്കാരിന് കൈമാറിയിട്ടുമുണ്ട്.

(ഇ) നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2010 ഏപ്രിൽ മെയ് മാസത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ്പോർട്സ് മേഖലയുടെ വികസനം

26 (*86) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്പോർട്ട്സ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ്മന്ത്രി (ശ്രീ. എം. വിജയകുമാർ) :

ഉത്തരം

(എ) സ്പോർട്ട്സ് മേഖലയുടെ അടിസ്ഥാനവികസനത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിൽവന്നുകഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പഞ്ചായത്തുകളുടേയും മറ്റ് സ്ഥാപനങ്ങുടെയും നിലവിലുള്ള കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ധനസഹായം നൽകിവരുന്നു. ഈ ഇനത്തിൽ ഈ സർക്കാർ സ്പോർട്സ് കൗൺസിൽ മുഖേന 17,89,60,689 രൂപയും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 9.5 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് രംഗത്തെ വികസനം ലക്ഷ്യമാക്കി ഒരു സ്പോർട്സ് കമ്മീഷനെ നിയോഗിക്കുകയും 69 ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് പരിശോധിച്ചു വരികയുമാണ്. ഇവ കൂടാതെ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി വിഷൻ

LIBRARY ARCHIVES Kerala Legislative Assembly